

സൽഭരണത്തിന്റെ എന്നത്തേയും മാതൃകയായ
മഹാബലി ചക്രവർത്തിയെ വീണ്ടും ഓർക്കാം;
മലയാളിയ്ക്ക് അന്യം നിന്നുപോയ കൊയ്ത്തുത്സവത്തേയും.
സുഷുപ്തിയുടെ എല്ലാ മാന്യവായനക്കാർക്കും

**ഓണാശംസകൾ**


# സുഷുപ്തി

കുടുംബമാസിക

2016 സെപ്റ്റംബർ



E-mail : nadarwelfare@gmail.com

Website : www.ayyavaikundar.org



നാടാർ സമുദായത്തിന്റെ മുഖപത്രം | നാടാർ കുടുംബക്ഷേമസമിതി അംഗങ്ങൾക്കുള്ള പഠനസഹായി


## നാടിന്റെ നാനാമുഖ വികസനത്തിനായി പോരാടണം – വാരാണസി സമ്മേളനം

നാടാർകുല സമുദായങ്ങൾ കഠിനാധ്വാനത്തിലൂടെ സ്വന്തം ഉയർച്ചയ്ക്കായി പരിശ്രമിക്കുന്നതോടൊപ്പം നാടിന്റെ നാനാമുഖ മായ വികസനത്തിനുവേണ്ടിയും പോരാടണമെന്ന് ഭാരതീയ കൽച്ചൂരി ജയസ്വാൾ സമവർഗ്ഗീയ മഹാസഭയുടെ വാരാണസി സമ്മേളനം ആഹ്വാനം ചെയ്തു. ഇൻഡ്യയിലെ ഒരു വലിയ ജന സംഖ്യയാണ് നാം. അതുകൊണ്ട് തന്നെ രാജ്യത്തിന്റെ വികസന ത്തിൽ നമ്മുടെ പങ്ക് ശ്രദ്ധേയമാണ്.

വാരാണസി ജയസ്വാൾ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ രണ്ടു ദിവസത്തെ സമ്മേളനത്തിന് മഹാസഭാ ദേശീയപ്രസിഡന്റ് സൻജയ്കുമാർ ജയസ്വാളും ജയസ്വാൾ ക്ലബ്ബ് പ്രസിഡന്റ് മനോജ്കുമാർ ജയസ്വാളും ചേർന്ന് പതാക ഉയർത്തിയതോടെ തുടക്കമായി.

ദേശീയ ജനറൽ സെക്രട്ടറി ലാൽചന്ദ് ഗുപ്ത റിപ്പോർട്ടവതരി പ്പിച്ചു. കൽച്ചൂരി ദർശന്റെ പ്രകാശനവും ചടങ്ങിൽ നടന്നു.

സമുദായോന്നമനത്തിന്റെയും ശക്തമായ സംഘടനയുടെയും ആവശ്യകത നേതാക്കന്മാർ അവരുടെ പ്രസംഗങ്ങളിൽ പ്രത്യേകം എടുത്തുപറഞ്ഞു. നമ്മുടെ ബന്ധുജനങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ഉന്നത പദവികളിലെത്തുകയും കച്ച വടത്തിലും വ്യവസായങ്ങ ളിലും ശോഭിക്കുകയും വേണം. ഇതിന് കൂട്ടായ യത്നം ആവശ്യമാണ്.

വിപുലമായ വനിതാ - യുവജനസമ്മേളനവും വിവാഹപ്രായമായ ആൺ -പെൺകുട്ടികളുടെ പരി ചയ സമ്മേളനവും നടന്നു. വിവിധ കലാപരിപാടി കളും വേദിയിൽ അര ങ്ങേറി. ●



## വായ്പക്കുടിശിഖ എഴുതിതള്ളിയ ഡോ. ജയലളിതയെ നാടാർസംഘം അഭിനന്ദിച്ചു



ചെറുകിട കർഷകരുടെ വായ്പകുടിശ്ശിക എഴുതിതള്ളിയ തമിഴ്നാട് മുഖ്യമന്ത്രി ഡോ. ജയലളിതയെ ദക്ഷിണമാര നാടാർ സംഘത്തിന്റെ കുറ്റാലത്തു കൂടിയ നിർവ്വാഹകസമിതിയോഗം അഭിനന്ദിച്ചു.

സംഘം പ്രസിഡന്റ് ഡി.ആർ. സഭാപതി നാടാരുടെ അദ്ധ്യ ക്ഷതയിൽ ചേർന്ന യോഗം വിവിധ പ്രമേയങ്ങൾ അംഗീകരിച്ചു. തമിഴ്നാട് മെർക്കന്റയിൽ ബാങ്ക് ജീവനക്കാരുടെ സേവന പ്രായ പരിധി 58-ൽ നിന്നും 60 ആയി ഉയർത്തുക, ബാങ്കിൽ ഷെയറെ ടുത്തവർക്കുള്ള ബോണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന തിലെ കാലതാമസം ഒഴിവാക്കുക, നിയമനകമ്മിറ്റിയിൽ മധുര എൻ. എം.എസ്സിന്റെയും തിരുനെൽവേലി ഡി.എം.എൻ.എസിന്റെയും പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് പ്രമേയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സംഘം സെക്രട്ടറി ആർ. ഷൺമുഖവേൽ നാടാർ, ഖജാൻജി എ. സെൽവരാജ് നാടാർ മറ്റു നേതാക്കളായ ജെ. രത്തിനരാജ് നാടാർ, റ്റി. മുരുകേശ പാണ്ഡ്യനാടാർ, കരിങ്കൽ ജോർജ് തുടങ്ങി യവർ ചർച്ചകൾക്ക് നേതൃത്വം നൽകി. ●

## കെ.എൻ.എം.എസിന്റെ ആദ്യകാല സംഘാടകനെ ആദരിച്ചു

കേരള നാടാർ മഹാജനസംഘം രജിസ്റ്റർ ചെയ്തപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവും ചീഫ് ഓർഗനൈസറുമായിരുന്ന ജോർജ് കൈനിതത്തെ നാടാർ കുടുംബക്ഷേമസമിതി ചെയർമാൻ എ.എസ്. അഹിമോഹനൻ പൂവച്ചലിലുള്ള അദ്ദേഹത്തിന്റെ വസ തിയിലെത്തി പൊന്നാട അണിയിച്ചാദരിച്ചു. കെ.എൻ.എം.എസ് കാട്ടാക്കട താലൂക്ക് കൺവീനർ പൂവച്ചൽ ആന്റണി, മുൻപഞ്ചാ യത്ത് പ്രസിഡന്റ് അനസ്താസ്യ ബാലസ് എന്നിവർ സന്നിഹിത രായിരുന്നു.

നാടാർ സമുദായത്തിന്റെ സർവ്വതോമുഖമായ വളർച്ചയ്ക്കു വേണ്ടി സ്വന്തം പണം ചെലവഴിച്ച് അഹോരാത്രം പ്രവർത്തിച്ച് 132 ശാഖകൾ രൂപീകരിച്ചു. സമുദായത്തിന്റെയും കെ.എൻ.എം.എസ്സി ന്റെയും ഇന്നത്തെ ദയനീയസ്ഥിതിയിൽ താൻ ദുഃഖിതനാണെന്നും കൈനിതം പറഞ്ഞു.

സർക്കാർ ഉദ്യോഗസ്ഥനായിരുന്ന ഗുണമണി, മജിസ്ട്രേറ്റായി രുന്ന ജ്ഞാനപ്പാവു തുടങ്ങിയവരായിരു ന്നു 1955-ൽ തുടക്കം കുറിച്ചത്. ആദ്യകമ്മി റ്റിയുടെ പ്രസിഡന്റ് എം. കുഞ്ഞുകൃഷ് ണൻ നാടാരും ജന റൽ സെക്രട്ടറി കറ്റച്ച ക്കോണം ജി.കെ. നാടാരുമായിരുന്നു. 21 അംഗ എക്സിക്യൂട്ടീവിൽ പ്രമുഖഗ്രന്ഥ കാരനായ കാഞ്ഞിരംകുളം കൊച്ചുകൃഷ്ണൻ നാടാർ, അഡ്വ. പാപ്പനംകോട് ആർ. കൃഷ്ണൻ നാടാർ, പി.സി. നാടാർ തുടങ്ങിയ വർ അംഗങ്ങളായിരുന്നു. ഈ സംഘടനയാണ് പിന്നീട് 1964-ൽ അഞ്ചാം നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ടത്-കൈനിതം ഓർക്കുന്നു.●



# The Month That Was.....

**RIO 2016 Olympics:** The curtain of the great event came down on August 22, 2016 at Rio de Jane Rio.There were 974 medals including



307 Gold. America came first with a total of 121 medals out of which there were 46 gold. Britain came second with 67 total medals and 27 gold medals. The highlight of India is the silver medal won by Sindhu in Shuttle badminton and bronze medal won by Sakshi Malik in women's wrestling in the 58 kg freestyle event. The man behind the 20 year old Sindhu's sensational victory is Gopichand who is an All England Open Champion. Gopichand runs a training centre 'Gopichand Academy' at





Hyderabad and he spotted Sindhu when she started training at the age of 8 years. He has been strict but has the calmness and patience of a hermit. He is focused and has the mojo to produce one champion after another including Saina, Srikanth and Kashyap. He relies on hard work, perseverance and sacrifice. For this Olympics, he himself went on a strict diet so that he remained in a peak condition to be a good training partner. He said that 'he used to believe that Sindhu would get a medal and become a big player. A Stickler for rule, Gopichand had barred Sindhu from using her mobile for the last 90 days. He cut down her junk food and even her favourite dessert – ice cream. The lanky Hydrabadi men's sprint titles for the third time. He also took his ninth gold medal at the Olympics bringing in level with PaavoNurmi of Finland and Carl Lewis of America. The 30 year old Jamaican, the fastest man on earth with a record timing of 9.58 seconds in 100m sprint is to retire after this Olympics. As per her mother, he was very strong ever since his early childhood. By the age of 12, Bolt was the fastest in his school. The lanky man is 6 ft. 5 inches tall and a lover of good food. About his Olympic journey he said 'It is a great feeling. I have worked hard in every Olympics. I have proved to the world that I am the greatest". Even if he retires, lightning Bolt's thunder will reverberate forever and leaving a legacy and an indelible footprint in the world of sports that is certain to remain for years to come. The Olympic flag was handed over to the Japanese officials as the venue for the next Olympics 2020 is Japan.

**International Space Station (ISS):** The ISS has begun the era of accommodating manned commercial Space Ships. NASA astronauts installed the first of the two docking ports built by M/s Boeing for commercial operations. It was done during a 6 hour spacewalk by the two astronauts, Jeff Williams and Kate Rubbing. This will give NASA





an independent access to the ISS for the first time since the withdrawal of its fleet of Space Shuttles in 2011. So far, NASA depends on the Russian Soyuz vessels. The adapters will work with Boeing's CST – 100 Starliner and Space X's Crew Dragon, the two space ships under construction that are planned to ferry astronauts to the space station.

**Myanmar &China:** Myanmar's State Counsellor AungSan Sui Kyi visited China embarking on a tough balancing act of seeking Beijing's support for her country's infrastructure projects while taking into





Er. Jayakumar Thomas

consideration the demands of environmental groups back home, who oppose such foreign backed initiatives. Myanmar supports china's Belt & Road connectivity initiative along the ancient Silk Road. They also support the Bangladesh – China – India – Myanmar (BCIM) economic corridor meant to industrialize a stretch spanning more than 200 km linking Kunming in China with Mandalay in Myanmar, passing through Bangladesh and ending at Kolkata in India

**Reserve Bank of India:**The controversy over the appointment of the new Governor has at last come to an end. The 52 year old present Deputy Governor Dr. UrjitPatel is to be the successor of Dr. ReghuramRajan. He was the Dy. Governor in charge of the monetary policy. He has close to three decades of experience across finance, energy, infrastructure and other sectors. He will take charge on September 04, 2016 for a three year period. He was selected by the ACC (Appointment Committee of the Cabinet) comprising of Prime Minister Narendra Modi and Home Minister Rajnath Singh from a short list of five people. Michael Patra is likely to be his Deputy Governor.



**Iran** released an image of the new indigenous long range missile defense system "Bavar 373", a project started when the country was under



international sanction. The system was designed to intercept cruise missiles, drones, combat aircrafts and ballistic missiles. It was launched as an alternative to the Russian S-30 system, the delivery of which was suspended in 2010 due to the sanction imposed over Iran's nuclear programmes. President Mr. Rouhani also unveiled the first Iranian made turbo jet engine capable of flying at 50,000 ft.



**Indo - Pak:** Regarding Jammu & Kashmir's unrest and terrorist attacks a delegation of the opposition parties led by the former CM Omar Abdulla met the President Mukherjee. They sought the President's intervention "to impress upon the Central government to initiate a credible and



meaningful process of political dialogue without any further delay in involving all stake holders to address the issues.Union Home Minister Rajnath Singh said that India is ready to talk to all including the separatists. He announced reconciliatory measures to douse the nearly 50 day unrest in the State, including replacement of pellet guns and sending an all-party delegation. Jammu and Kashmir Chief Minister Mehbooba Mufti met Prime Minister and presented a three point action plan, which includes substantive dialogue with the separatists and Pakistan to end the current unrest in the State.

**Giant Airship flies:** A blimp shaped, helium filled airship, considered the world's largest aircraft has flown for the first time with a short but historic jaunt over an airfield in central England. It was flying foe about half an hour. Its developer, Hybrid Air Vehicles, said that it can reach 16000 feet, travel at upto 148 Kmph and stay aloft foe up to two weeks. The airliner is designed to use less fuel than a plane, but carry heavier loads than conventional airships. The aircraft is based at Cardington, where the first British Airships were first built during and after World War I, but abandoned in 1930 after a crash that killed 50 people. ●



# നാടാർ സമുദായം – ഒരു ലഘുവിവരണം

**കാഞ്ഞിരംകുളം കൊച്ചുകൃഷ്ണൻ നാടാർ എഴുതിയ നാടാർ ചരിത്രം എന്ന പുസ്തകത്തിൽനിന്ന്**

*കഴിഞ്ഞലക്കത്തിന്റെ തുടർച്ച......*

തത്സംബന്ധമായി രചിച്ചിട്ടുള്ളതും അപ്രകാശിതവുമായ തുമായ "ജാതി വേറ്റുമെ" എന്ന ഒരു പഴയ പാട്ടിൽ,

"കടൽ ചൂഴ്ന്ത പൂമിയെങ്കും ഈഴം, ചോളം, മതുരാപുരി,
ലങ്കാപുരി പട്ടണവും തെൻകടൽ മുതൽ വടകടൽവരെയും
കന്നിയാകുമാരി കടലുമുതൽ കാക്കാച്ചിമലൈവരെയും
എല്ലും ചാമ്പലും കൊണ്ടുപോക അരുൾകൊടുത്താർ മന്നവരും
മൂൻറു പച്ചത്തേരുകെട്ടി ചാമ്പൽകൊണ്ടുപോകവും
വട്ടക്കുടൈ പച്ചക്കുടൈ പകിളക്കുടൈ പിടിക്കവും
വാൾച്ചിലമ്പും പിടിമുറയും വകയുടനെ നടത്തിടവും
കളികളും നാടകവും കനകവെടി വാണങ്കളും
ഇരട്ടക്കുഴൽ തുപ്പാക്കി ഇരുപുറവും പിടിത്തുവര
ഈട്ടിവില്ല് ഇരുമ്പുലക്കൈ ഇരുപുറവും പിടിത്തുവര
വേതിയർകൾ വേതമോത നാലുവേതമാറുചാത്തിരം
വെകുപോതർകൾ നിറമായ് പടിത്തിടവും
ചിങ്കക്കൊടി മുന്നേ ചിറപ്പുടനേ പിടിത്തിടവും
പതിനെട്ടു വാത്തിയങ്കൾ പശുമൈ പെറ മുഴക്കിടവും
നടമാറ്റു താൻ വിരിത്തു അതിൻമീതൈ നടന്തിടവും
എറിപന്ത് താനെറിന്ത് എതിർത്തു നിന്റു പിടിത്തിടവും
വലംപിരിചങ്കു കൈപിടിത്ത് ഇരുപേർമുന്നേ ഊതിടവും
പഞ്ചവർകൾ ആലുകെട്ടി അൻപുടനേ കൊണ്ടുപോകവും
ഇടവഴി വെട്ടി പിരിത്തു അതിക്ലവഴി നടന്തിടവും
തട്ടുമരം മുറിത്തിടവും കന്നിമാർകുരവയ് മുഴക്കിടവും
ചങ്കമായ് പല കോലത്തുടൻ ചമർത്തുടൻ ചാമ്പൽ കൊടുപോകവും
മങ്കളകവി പാടിപ്പാടി ചടങ്കുമുറൈ വാഴ്ത്തിടവും
വാഴ്ത്തി മകിമയുടൻ കടലിൽ അസ്ഥികലക്കിടവും
ചടങ്കുമുറൈക്കാർ കൂടി ചടങ്കുമുറൈ തീർത്തിടവും
ചമർത്തുടനെ വാത്തിയങ്കൾ ഇമ്പമായ് മുഴക്കിടവും
കനംപൊരുന്തും ഉദയമാർത്താണ്ഡവർമ്മതമ്പുരാൻ
കൊടുത്ത ചെമ്പുപട്ടയത്തിൽ മുറപ്പടിയേ തുലങ്കുവതേ
മകാകനം പൊരുന്തും ക്ഷത്രിയകുലത്തുതിത്തോർ
വേതവിത്തിയാതരരുളാൽ കന്നിമാർകൾ ഈൻറാർ
പത്തിരകാളി മുലപ്പാലാൽ തീട്ടുതാൻ തീർത്തെടുത്ത്
ചാന്റോരെൻറു പേരിട്ടു തുലങ്കവേതാൻ വളർത്താർ
വലതുപുചത്തിൽ പുറന്ത വേതവിത്തിയാതരരാനതിനാൽ
വലങ്കൈയുയിർകൊണ്ടാരെൻറു പേർപടൈത്താരക്കാലം
അതിയതാനത്തിൽ കൂടിയ ക്ഷത്തിരിയവീരരെൻറും
പാണ്ടിയനാടാണ്ടതിനാൽ നാടാണ്ടാരെൻറും
ഇന്ത മലനാട്ടിൽ വന്തു ചോഴരാജൻ തമ്പിയാരൈ
കൊല്ലാമൽക്കൊണ്ട് മുൻവിട്ടതിനാൽ ഇന്തനാടാണ്ടതും
ഇന്ത നാടാണ്ടതിനാൽ ഇളവീരരെൻറു താനംപെറ്റാർ
വലങ്കൈ ഉയിൽ പെറ്റോർക്കു വാതിയുണ്ടെൻറു വരുകിൽ
കൊടുങ്കല്ലൂരിൽ വാഴും കൊറ്റവനാർ കോയിലിൽ
വടക്കേവശം കിടക്കും നൽപെരിയകൽ മറിത്തുനോക്കിൽ
ഇതിനുടയ വിവരമെല്ലാം നൻറായ് വിളങ്കിടുമേ."

**7. പിൻതുടർച്ചാവകാശം**

നാടാർസമുദായത്തിന്റെ പരമ്പരാഗതമായ ദായക്രമം മക്കൾ വഴിയാണ്. സ്ത്രീസന്താനങ്ങൾക്ക് ജംഗമസ്ഥാവര വസ്തുക്കളിൽ യാതൊരു അവകാശവുമില്ല. എന്നാൽ പുരുഷ സന്താനങ്ങൾക്കുള്ള വീതമോ ചിലപ്പോൾ അതിൽ ഉപരിയായോ ധനം വിവാഹാവസരം സ്ത്രീധനമായി നൽകുന്നുണ്ട്. അതിനുശേഷം കുടുംബത്തിൽ യാതൊരു അവകാശവുമില്ല. എന്നാൽ മാതാവിന്റെ സ്വത്തിന് സ്ത്രീസന്താനങ്ങൾക്ക് പൂർണ്ണാവകാശമുണ്ട്. ഈ സമുദായത്തിന്റെ പിൻതുടർച്ചാവകാശം ഹിന്ദുമതത്തിലെ "മിതാക്ഷര ലാ" അനുസരിച്ചുള്ള മക്കത്തായമാണ്.



**കലകൾ**

**1. കളരിപ്പയറ്റ്**

ഇത് ക്ഷത്രിയരുടെ പരമ്പരാഗതമായ ഒരു കലയാണ്. പതിനാറു വയസ്സിനുമേൽ പ്രായമായ ഒരു പുരുഷന് അടിമുറയും പിരിവും നല്ല നിശ്ചയമുണ്ടായിരിക്കും. ഇന്നത്തെ നവീനയുദ്ധസമ്പ്രദായങ്ങൾ ഇല്ലാതിരുന്ന പുരാതനകാലത്ത് അങ്കംവെട്ട്, നടയടി, അടിച്ചകൈ പിരിവ്, അമർത്ത് മുതലായ പ്രാചീനരീതികൾ നടപ്പിലിരുന്നു. അത് ഇന്നും വംശപരമ്പരയാ നാടാർ സമുദായത്തിൽ നടപ്പിലിരിക്കുന്നുവെന്ന വസ്തുത വെറും പരമാർത്ഥം മാത്രമാണ്. മുഷ്ടിയുദ്ധം അഥവാ കൈ മുറുക്കിപ്പിടിച്ചുള്ള അടിയാണ് ഏറ്റവും പ്രധാനം.

കൈമുറുക്കിപ്പിടിച്ച് ഇടിക്കുമ്പോൾ തടുക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യും. ഇതിനെയാണ് കൈപ്പോര് എന്നു പറയുന്നത്. കൂടാതെ കുന്തം, ഈട്ടി, വാൾ മുതലായ മൂർച്ചയുള്ള ആയുധങ്ങൾകൊണ്ട് നിർദ്ദാക്ഷണ്യം എതിരാളി കുത്തുകയും വെട്ടുകയും ചെയ്യുമ്പോൾ അവ ദേഹത്തു പറ്റാതെ ശത്രുവിനെ അടിച്ചുവീഴ്ത്തുന്നതിന് കൈപ്പോര്, അടിച്ച കൈപിരിവ് ഇവയെത്തുടർന്ന് അങ്കം, നടയടി, അമർത്ത് മുതലായ ചുമടുകൾ അഭ്യസിച്ചിരിക്കണം. വേൽ മുതലായ ആയുധങ്ങൾകൊണ്ടുള്ള യുദ്ധത്തിന് വാൾമാനം നല്ല നിശ്ചയം ഉണ്ടായിരിക്കണം. ഇതിനാണ് കുടുംബാധിപൻ പതിനാറു വയസ്സു പ്രായമായ പുരുഷാംഗത്തിന് ഒരായുധം (പിച്ചാത്തി) നൽകുക പതിവുണ്ടെന്ന് ശ്രീ. റ്റി.കെ. വേലുപിള്ള തിരു: സ്റ്റേറ്റ് മാനുവലിൽ പറഞ്ഞിരിക്കുന്നത്. ഇവയ്ക്കു പുറമേ മർമ്മനിശ്ചയവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഇവ ഇന്നും വംശപരമ്പരയായി നിലനിന്നുപോരുന്നത് നാടാർ ജാതിക്കാരിലാണെന്നുള്ള വസ്തുത ഇതരജാതിക്കാരും മുക്തകണ്ഠം സമ്മതിക്കുന്ന ഒന്നാണ്. കാട്ടുക്കട, മേയ്ക്കോട്, നടൂർകര, കിടാരക്കുഴി, കാഞ്ഞിരംകുളം, അമരവിള, പുന്നക്കാട്, ശാമിവിള മുതലായ സ്ഥലങ്ങളിലെ ആശാന്മാരുടെ പാരമ്പര്യവും "കിഴവനാണെങ്കിലും കിഴക്കത്താനല്ലേ?" എന്ന പഴമൊഴിയും മാർത്താണ്ഡവർമ്മയിലെ കഥാപാത്രമായ ഭ്രാന്തൻ ചാന്നാന്റെയും അനുചരന്മാരുടെയും പ്രവൃത്തികളും ഉത്തമസാക്ഷ്യങ്ങളാകുന്നു. ഇപ്പോൾ മുൻപറഞ്ഞ സ്ഥലങ്ങളിലെ ആശാന്മാർ സംഘടിച്ച് കളരിപ്പയിറ്റ് എന്നൊരു പ്രസ്ഥാനം ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുവെന്ന വസ്തുതയും പ്രത്യേകം സ്മരണീയമാണ്. ●

*(തുടരും...)*

**സുഷുപ്തി മാസിക ഇപ്പോൾ ഓൺലൈനായി വായിക്കാം. www.ayyavaikundar.org എന്ന വെബ്സൈറ്റിന്റെ ഹോം പേജിൽ 'സുഷുപ്തി' ക്ലിക് ചെയ്ത് ലോകത്തെവിടെയിരുന്നും സുഷുപ്തിമാസിക വായിക്കാവുന്നതാണ്.**

# ഏറ്റവും ആദ്യകാലത്തെ രേഖകൾ : വേദവും പുരാണങ്ങളും

മനുഷ്യൻ ദിവ്യമോ അതിമാനുഷമോ ആയ ഒരു ശക്തിയുടെ ഉൽഘോഷകനാവുന്നതിനേക്കാൾ, അവൻ മാനസികമായും ആത്മീയമായും മഹോന്നത തലങ്ങളിലേയ്ക്കുയരുകയും എന്നിട്ടു മറ്റുള്ളവരെക്കൂടി ഉയർത്താൻ ശ്രമിക്കുകയും വേണം – അതാണ് എനിക്കെന്നും വളരെയേറെ മഹിതവും ഉള്ളിൽത്തട്ടുന്നതുമായിതോന്നീട്ടുള്ളത്. ചില മതസ്ഥാപകന്മാർ അത്ഭുത വ്യക്തികളായിരുന്നു. എന്നാൽ അവരെ ഞാൻ മനുഷ്യരെന്ന നിലയ്ക്ക് കരുതാതാവുമ്പോൾ എന്റെ ദൃഷ്ടിയിൽ അവരുടെ മഹത്വമെല്ലാം അസ്തമിക്കുന്നു. മനുഷ്യന്റെ മനസ്സിനും ആത്മാവിന്നും ഉണ്ടായ വളർച്ച – അതാണ്, അവനെ ഒരു സന്ദേശഹരനാക്കി ഉപയോഗപ്പെടുത്തുന്നു എന്നതല്ല, എനിക്കുള്ളിൽ തട്ടുന്നതും ആശയരുളുന്നതും.

പുരാണകഥകളും എന്നെ ബാധിച്ചത് ഏതാണ്ട് ഇതേ നിലയിൽത്തന്നെ. ജനങ്ങൾ ഈ കഥകളിലെ വസ്തുതാസംബന്ധിയായ ഉള്ളടക്കം വിശ്വസിക്കുന്ന പക്ഷം, അതപ്പടി അസംബന്ധവും പരിഹാസ്യവുമായിത്തീരുന്നു. എന്നാൽ നാം അവ വിശ്വസിക്കാതാവുന്നതോടുകൂടി, ഒരു പുതിയ വെളിച്ചത്തിൽ, പുതിയൊരു സൗന്ദര്യത്തോടും സമൃദ്ധവും സമ്പന്നവുമായ ഒരു ഭാവനയുടെ അത്ഭുതകരമായ വികാസത്തോടുംകൂടി, മനുഷ്യന്നുവേണ്ട പാഠങ്ങൾ നിറഞ്ഞവയായി, അവ പ്രത്യക്ഷപ്പെടുന്നു. ഗ്രീക്ക് ദേവന്മാരുടെയും ദേവിമാരുടെയും കഥകളൊന്നും ഇന്നാരും വിശ്വസിക്കുന്നില്ല. അതുകൊണ്ട് നമുക്കവയെ ആദരിക്കാൻ യാതൊരു പ്രയാസവുമില്ല. അവ നമ്മുടെ മാനസിക പാരമ്പര്യത്തിന്റെ അംശമായിത്തീരുകയും ചെയ്യുന്നു. നേരെ മറിച്ച് അവയെ നാം വിശ്വസിക്കേണ്ടിയിരുന്നെങ്കിൽ, അതെന്തൊരു കനത്ത ഭാരമാവും! ആ ഭാരം ഭേസി ഞെരുങ്ങുന്ന നമ്മൾ, അവയുടെ സൗന്ദര്യം എത്രയേറെ, കാണാതെ പോകുമായിരുന്നു. ഇന്ത്യൻ പുരാണകഥകൾ കൂടുതൽ സമൃദ്ധവും വിശാലവുമാണ്; അതിമനോഹരങ്ങൾ, അർത്ഥപൂർണങ്ങൾ. ഞാൻ പലപ്പോഴും സ്വയം അമ്പരന്നിട്ടുണ്ട്: എന്തൊരു കൂട്ടം പുരുഷന്മാരും സ്ത്രീകളുമായിരിക്കണം ഈ പ്രസന്നങ്ങളായ സ്വപ്നങ്ങൾക്കും മനോഹരങ്ങളായ സങ്കല്പങ്ങൾക്കും രൂപം കല്പിച്ചവർ! അവർ വിചാരത്തിന്റെയും ഭാവനയുടെയും ഏതൊരു സ്വർണ്ണഖനിയിൽനിന്നാവണം അവ കുഴിച്ചെടുത്തത്!

അങ്ങനെ വേദഗ്രന്ഥത്തെ നാം മനുഷ്യമനസ്സിന്റെ സന്താനമായെണ്ണുമ്പോൾ, നാം ചിലതൊക്കെ ഓർക്കേണ്ടതുണ്ട്: അതെഴുതിയ കാലം, അതു വളർന്ന പരിസ്ഥിതികളും മാനസികമായ ശീതോഷ്ണസ്ഥിതിഭേദങ്ങളും, കാലം വിചാരം അനുഭവം എന്നിവയെസ്സംബന്ധിച്ചേടത്തോളം അതിന്നു നമ്മളിൽ നിന്നുള്ള വിദൂരത–ഇതൊക്കെ. അതിനെപ്പൊതിഞ്ഞു നിൽക്കുന്ന ചടങ്ങുകളുടേയും മതാചാരങ്ങളുടേയും അണി നാം മറക്കണം; അത് വികസിച്ചുവന്ന സാമുദായിക പശ്ചാത്തലത്തെ ഓർമ്മിക്കണം. മനുഷ്യജീവിതത്തിലെ ഒട്ടധികം പ്രശ്നങ്ങൾക്കും ഒരു ശാശ്വതത്വമുണ്ട്; സനാതനത്വത്തിന്റെ സ്പർശമുണ്ട്. അതാണ് ഈ പുരാതന ഗ്രന്ഥങ്ങളിൽ സുസ്ഥിരമായ താത്പര്യം പുലർന്നുപോരുന്നതിനു നിദാനം. എന്നാൽ വേറെയും


Refresh in nature's lap...



Experience the vibrance of
Plantation Valley

An eco friendly farm resort of
The Plantation Corporation of Kerala Ltd
Athirappilly, Thrissur Dist., Kerala
☎ 0480.2769631. Fax: 0480.2769634
www.plantationvalley.com

## ജവഹർലാൽ നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ നിന്നും

വിവർത്തനം : സി.എച്ച്. കുഞ്ഞപ്പ

പ്രശ്നങ്ങളുണ്ടായിരുന്നു – ആ യുഗത്തിന്നുമാത്രം ബാധകമായവ. നമുക്ക് ഇന്ന് അവയെക്കുറിച്ച് ഒരു താത്പര്യവുമില്ല.

### 5. സമന്വയവും വിട്ടുവീഴ്ചയും വർണവ്യവസ്ഥയുടെ ആരംഭം

ആര്യന്മാരുടെ ഇന്ത്യയിലേക്കുള്ള ആഗമനം പുതിയ പ്രശ്നങ്ങളെ ഉത്പാദിപ്പിച്ചു – വംശീയവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ കീഴടക്കപ്പെട്ട വംശമായ ദ്രാവിഡന്മാർക്ക് അവരുടെ പിന്നിൽ പരിഷ്കാരത്തിന്റെ സുദീർഘമായ ഒരു പശ്ചാത്തലമുണ്ട്; എങ്കിലും അവരേക്കാൾ വളരെയേറെ മികച്ചവരാണ് തങ്ങളെന്ന് ആര്യന്മാർ കരുതിയെന്ന കാര്യത്തിൽ സംശയമില്ല. ഒരു വലിയ വിടവ് അവരെ തമ്മിലകറ്റിനിർത്തി. ഇതുകൂടാതെ പിന്നാക്കം നിൽക്കുന്ന ചില ആദിവാസിഗോത്രക്കാരുമുണ്ട്. അവർ ഒരിടത്തും സ്ഥിരമായി പാർക്കാതെ അലഞ്ഞുതിരിയുന്നവരോ വനവാസികളോ ആണ്. വംശങ്ങൾ തമ്മിലുള്ള ഈ സംഘർഷത്തിൽ നിന്നും പരസ്പരവർത്തനത്തിൽനിന്നും ക്രമേണ വർണവ്യവസ്ഥ പൊന്തിവന്നു. അതാകട്ടെ, പിന്നീടുവന്ന നൂറ്റാണ്ടുകൾക്കിടയിൽ ഇന്ത്യൻ ജീവിതത്തെ അത്രഗാഢമായി ബാധിക്കുവാൻ പോകയാണ്. ഒരു പക്ഷേ, അത് ആര്യനോ ദ്രാവിഡനോ ആയിരുന്നിരിക്കില്ല. അതു വ്യത്യസ്തവംശങ്ങളെ സാമുദായികമായി സംഘടിപ്പിക്കുന്നതിനുള്ള ഒരുദ്യമം, അന്നു നിലവിലുണ്ടായിരുന്ന വസ്തുതകളെ ബുദ്ധിക്കു നിരക്കുന്ന തരത്തിൽ ക്രമപ്പെടുത്തൽ ആയിരുന്നു. പില്ക്കാലത്ത് അതിന്റെ പിറകിൽ അധഃപതനവും വന്നെത്തി; ഇന്നും അത് ഒരു ഭാരവും ശാപവുമായിരിക്കുന്നു. എന്നാൽ, പില്ക്കാലമാനദണ്ഡങ്ങളെയോ അനന്തരവികാസവിശേഷങ്ങളേയോ ആധാരമാക്കി അതിനെക്കുറിച്ചു നാം ഒരു വിധി കല്പിക്കുന്നതു ശരിയാവില്ല. അത് അന്നത്തെ യുഗധർമ്മത്തിനനുസൃതമായിരുന്നു. മിക്ക പുരാണ പരിഷ്ക്കാരങ്ങളിലും അത്തരം ചില തരംതിരിവുകൾ ഉണ്ടായിട്ടുണ്ട്. ചീന മാത്രം അതിൽപ്പെടാതെ ഒഴിവായിരുന്നുവെന്നു തോന്നുന്നു. ആര്യന്മാരുടെ മറ്റൊരു ശാഖയായ ഇറാണിയരുടെ ഇടയിലും സസേനിയൻ കാലത്തിൽ ഒരു ചതുർവിധ വിഭജനമുണ്ടായിരുന്നു. പക്ഷേ, അതു കട്ടിപിടിച്ചു ജാതിയായിത്തീർന്നില്ല. ഗ്രീസിലേതുൾപ്പെടെ ഈ പഴയ പരിഷ്കാരങ്ങൾ പലതും കൂട്ടത്തോടെയുള്ള അടിമത്തത്തിലാണ് പാടേ അധിഷ്ഠിതമായിരുന്നത്. ഇന്ത്യയിലാകട്ടേ, താരതമ്യേന ചുരുക്കം ഗൃഹദാസന്മാരുണ്ടായിരുന്നുവെങ്കിലും മുൻപറഞ്ഞ തരത്തിൽ കൂട്ടത്തോടെയുള്ള പ്രവൃദ്ധസംഖ്യമായ തൊഴിലടിമത്തം ഉണ്ടായിരുന്നില്ല. ചാതുർവർണ്യത്തോടു സാമ്യം വഹിക്കുന്ന ഒരു വിഭജനത്തെക്കുറിച്ചു പ്ലേറ്റോതന്റെ 'റിപ്പബ്ലിക്കി'ൽ പ്രസ്താവിക്കുന്നുണ്ട്. മധ്യകാല കത്തോലിക്കാമതവും ഈ വിഭജനം അറിഞ്ഞിരുന്നു.

ആര്യന്മാരും അനാര്യന്മാരും തമ്മിലുള്ള ഖണ്ഡിതമായ ഒരു വേർതിരിവോടുകൂടിയാണ് വർണവ്യവസ്ഥ ആരംഭിച്ചത്. അനാര്യന്മാരെ വീണ്ടും ദ്രാവിഡവംശങ്ങളായും ആദിവാസിഗോത്രങ്ങളായും വിഭജിക്കുന്നു. ആരംഭത്തിൽ ആര്യന്മാർ ഒരൊറ്റക്കക്ഷിയായിരുന്നു. പ്രത്യേക സവിശേഷതകൾ ഒന്നുമുണ്ടായിരുന്നില്ലെന്നു പറയാം. ആര്യപദത്തിന്റെ വ്യുൽപത്തി കൃഷിചെയ്യുക എന്നർത്ഥമുള്ള ഒരു ധാതുവിൽ നിന്നാണ്, മൊത്തത്തിൽ നോക്കിയാൽ ആര്യന്മാർ കൃഷിക്കാരായിരുന്നു, കൃഷി അന്ന് ആര്യമായ ഒരു തൊഴിലായി കരുതിപ്പോന്നു. നിലം കിളയ്ക്കുന്നവൻ തന്നെ പുരോഹിതനായും യോദ്ധാവായും വ്യാപാരിയായും ജോലിനോക്കി. സമ്മാന്യമായ ഒരു പുരോഹിതവർഗവും അന്നില്ല. ആദ്യകാലത്ത് ആര്യന്മാരെ അനാര്യന്മാരിൽനിന്നു വേർതിരിക്കുവാനുദ്ദേശിച്ചിരുന്ന വർണവ്യവസ്ഥ, ആര്യന്മാരുടെ നേരെത്തന്നെ തിരിച്ചടിച്ചു, ജോലികളുടെ തിരിവും, സവിശേഷതയും വർധിച്ചുവന്നതോടുകൂടി, പുതിയ കക്ഷ്യകൾ വർണങ്ങളായി രൂപപ്പെട്ടു.



അങ്ങനെ, ജേതാക്കൾ ജിതവംശങ്ങളെ നാമാവശേഷമാക്കുകയോ അടിമകളാക്കുകയോ പതിവായിരുന്ന ഒരു കാലത്ത്, വർണവ്യവസ്ഥ കൂടുതൽ സമാധാനപൂർവ്വമായ ഒരു പരിഹാരം – തൊഴിലുകളിൽ ഏറിയേറി വന്ന സവിശേഷപ്രതിപത്തിയുമായി പൊരുത്തപ്പെട്ടു നിൽക്കുന്ന ഒരു പരിഹാരം – സാധിച്ചു. ജീവിതം തരംതിരിക്കപ്പെട്ടു. കാർഷിക ജനാവലിയിൽനിന്നു വൈശ്യരുണ്ടായി – കൃഷിക്കാരും, ശില്പികളും, കച്ചവടക്കാരും; ക്ഷത്രിയർ, അല്ലെങ്കിൽ ഭരണാധികാരികളും യോദ്ധാക്കളും ഉണ്ടായി; പുരോഹിതന്മാരും ചിന്തകന്മാരുമായ ബ്രാഹ്മണരുണ്ടായി – ഇവർ രാഷ്ട്രത്തിന്റെ ആദർശങ്ങൾ നിലനിർത്തുകയും നയത്തിന്നു മാർഗദർശനം നൽകുകയും ചെയ്യുവരാണെന്നു കരുതിപ്പോന്നു. ഈ മൂന്നു കൂട്ടരുടെ താഴെയായി കർഷകരുടെ കൂട്ടത്തിൽ പെടാത്ത ശൂദ്രർ അഥവാ വേലക്കാരും അവിദഗ്ധരായ തൊഴിലാളികളും. നാടൻ ഗോത്രങ്ങളിൽ പലതും ക്രമേണ ഈ വ്യവസ്ഥയിലുൾച്ചേർന്നു. അവർക്കു സാമുദായികശ്രേണിയുടെ അടിയിൽ, അതായത് ശൂദ്രരുടെ ഇടയിൽ, ഒരു സ്ഥാനവും നൽകി. ഇങ്ങനെ തന്നിൽ ലയിപ്പിക്കുന്ന ഗതിക്രമം നിരന്തരമായി നടന്നുപോന്ന ഒന്നാണ്. അന്നു വർണങ്ങൾ മൂശയിൽ ആയിരുന്നിരിക്കണം; വളരെക്കഴിഞ്ഞിട്ടേ അവയ്ക്കു ദാർഢ്യം വന്നുള്ളൂ. ഭരണാധികാരികക്ഷിക്ക് എന്നും ഈ വകകാര്യങ്ങളിൽ വിശാലമായ സ്വാതന്ത്ര്യം ഉണ്ടായിരുന്നിരിക്കണം. യുദ്ധത്തിൽ ജയംകൊണ്ടോ മറ്റുവിധത്തിലോ വലിയ അധികാരശക്തി നേടിയ ആർക്കും, വേണമെങ്കിൽ ഒരു ക്ഷത്രിയനായി ഈ ശ്രേണിയിൽ ചേരുകയും, തന്നെ വല്ല പുരാതനാര്യവീരന്മാരുമായി ബന്ധപ്പെടുത്തുന്ന അവസരോചിതമായ ഒരു പാരമ്പര്യക്രമം പുരോഹിതന്മാരെക്കൊണ്ട് എഴുതിപ്പിടിപ്പിക്കുകയും ചെയ്യാം. ●

*(തുടരും...)*

## വരിസംഖ്യ അയച്ചുതരണം

സുഷുപ്തിമാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടെന്നറിയാമല്ലോ. മാന്യവായനക്കാർ വരിസംഖ്യ അയച്ചുതന്ന് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ പോസ്റ്റാഫീസിൽ നിന്നും മണിയോർഡറായി അയക്കാവുന്നതാണ്. അല്ലാത്ത പക്ഷം സുഷുപ്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കു അയക്കാം.

അക്കൗണ്ട് നമ്പർ : 62269144219

ബാങ്ക് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്.

ബ്രാഞ്ച് : തിരുവനന്തപുരം.

IFSC - SBHY0020731

*– എഡിറ്റർ*

# അരുൾനൂൽ; അറിവിന്റെ പുതിയ പാഠങ്ങൾ



### ശിവകാണ്ഡ അധികാരപത്രം

*(തുടർച്ച...)*

എൻ. വേലായുധൻ നാടാർ



12. പത്തവതാരം പിറന്ത പാതൈ-
കളൈച്ചൊൽ മകനേ
എന്നൈയറിയാമൽ ഏതുംവകൈ
ഉലകില്ലൈ
തന്നൈയറിന്തതുൺടാൽ തലൈവനൈ
നീയറിവായ് മകനേ
കണ്ണാൽ മനക്കണ്ണാലേ കാണുമപ്പാ വഴിയതുതാൻ.

മകനേ! ഭക്തനായ വൈവസ്വത മനുവിനു മോക്ഷം നൽകുന്നതിനായി മത്സ്യാവതാരം. അമൃതമഥനത്തിൽ മത്തായിരുന്ന മന്ദരപർവ്വതം സമുദ്രത്തിൽ താണുപോകയാൽ അതിനെ ഉയർത്തുന്നതിനുവേണ്ടി കൂർമ്മാവതാരം. ഹിരണ്യാക്ഷന് മോക്ഷം നൽകുന്നതിനായി വരാഹാവതാരം. ഹിരണ്യകശിപുവിന് മോക്ഷം നൽകുവാനായി നരസിംഹാവതാരം. കാർത്തവീര്യൻ തുടങ്ങിയ ക്ഷത്രിയ രാജാക്കന്മാർക്ക് മോക്ഷം നൽകുന്നതിനായി പരശുരാമാവതാരം. രാവണാദി രാക്ഷസന്മാർക്ക് മോക്ഷം നൽകുവാനായി ശ്രീരാമാവതാരം. പ്രലംബസുരാദികൾക്ക് മോക്ഷം നൽകുവാനായി ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനായി ബലരാമാവതാരം. കംസാദികൾക്ക് മോക്ഷം നൽകുവാനായി ശ്രീകൃഷ്ണാവതാരം. നിത്യസത്യശുദ്ധജ്ഞാനത്താൽ ജനനമരണ പ്രയാണത്തിൽനിന്നുള്ള മോചനത്തിനായി അയ്യാവൈകുണ്ഠാവതാരം. ഇവയാണ് പത്ത് അവതാരങ്ങൾ.

ജീവാത്മാപരമാത്മായോഗത്താൽ ബ്രഹ്മവിത്ത് വരിഷ്ഠനായി - സകല ജീവജാലങ്ങളിലും സാക്ഷിയായിരിക്കുന്ന പരംപൊരുൾ അയ്യാവൈകുണ്ഠനാഥരെ ഏവർക്കും അറിയാം. "തന്നൈയറിന്തതുടാൽ തലൈവനൈ നീയറിവായ് മകനേ". തന്റെ സത്യത്തെ - സ്വരൂപത്തെ അറിഞ്ഞാൽ എങ്ങുംനിറഞ്ഞ തലൈവനെ അറിയാൻ സാധിക്കും. ജ്ഞാനചക്ഷുസ്സുകൊണ്ട് - മനക്കണ്ണുകൊണ്ട് മാത്രമേ തലൈവനെ കാണാൻ സാധിക്കുകയുള്ളൂ. അറിയാൻ സാധിക്കുകയുള്ളൂ. ജ്ഞാനനേത്രം കൊണ്ട് തലൈവരനെ ദർശിച്ചവർക്ക് സദാ ഈശ്വരകൃപ ലഭിച്ചുകൊണ്ടിരിക്കും.

13. എന്നൈയറിന്തവർക്കു ഈചൻ വഴി ചൊല്ലുകിറേൻ
ഉങ്കളുക്കു മണ്ണിൽ മൂവാചൈയതു മാറ്റാനായ് ഇരുക്കുതടാ
എന്നൈ കണ്ണാലേ കണ്ടതുണ്ടാൽ കലിത്തിരും എൻ മകനേ
വട്ടക്കോട്ടൈ കട്ടുക്കുള്ളേ നട്ടുവനാർ കൊട്ടുകിറാർ.

മകനേ! ജ്ഞാനനേത്രം കൊണ്ട് ഈശ്വരനെ ദർശിച്ചവരെ ഈശ്വരൻ നേർവഴിക്ക് നയിക്കും. ഈശ്വരനെ ദർശിക്കാൻ തടസ്ഥമായിരിക്കുന്നത് മണ്ണാശ, പെണ്ണാശ, പൊന്നാശ എന്നീ പാശങ്ങളാണ്. ജ്ഞാനനേത്രം കൊണ്ട് എങ്ങുംനിറഞ്ഞ പരംപൊരുളിനെ ദർശിച്ചുകൊണ്ടിരുന്നാൽ എല്ലാ ആശാപാശ



ങ്ങളും ജ്ഞാനാഗ്നിയിൽ ഹോമിക്കപ്പെടും. ജ്ഞാനാഗ്നിയിൽ ദഹിച്ചുപോകും. അപ്രകാരമുള്ള പുണ്യാത്മാക്കളുടെ മനസ്സിൽ ഈശ്വരൻ സദാ ആനന്ദം നൽകിക്കൊണ്ടിരിക്കും. സദാ ഈശ്വരകൃപക്ക് അർഹരായിരിക്കും.

14. ചൊന്നേനെന്റു എണ്ണാതേ എൻ ചൊരുപമറിവായോ
ചൂത്തിരക്കണക്കൊന്റു ചൊൽകിറേൻ കേൾ മകനേ,
പഞ്ചവർണ്ണക്കിളിയൊന്റിരുന്തു
പറന്തു പോകക്കണ്ടേനടാ
ഏഴു പെൺകൾ കതൈയൈ എടുത്തുച്ചൊല്ല നാളാച്ചേ.

തന്റെ സ്വരൂപത്തെക്കുറിച്ച് പറയുന്നല്ലോ എന്നു വിചാരിച്ച് വിഷമിക്കേണ്ട. "ഞാൻ തന്നെ നീ. നീ തന്നെ ഞാൻ" എന്ന സത്യാവസ്ഥ ബോധ്യമായല്ലോ? നീ തന്നെ ഞാൻ, ഞാൻ തന്നെ നീ എന്ന ബോധത്തിലേക്ക് ഉണർന്നപ്പോൾ അജ്ഞാനം, അഹങ്കാരം, ഭേദഭാവം, സ്വാർത്ഥന, ആശാപാശങ്ങൾ എന്നീ പഞ്ചവർണ്ണക്കിളികൾ തന്നിൽ നിന്നും പറന്നുപോയപ്പോൾ ആനന്ദം വന്നുചേരുന്നു. സ്പതകന്യകമാരുടെ കഥ പറയാനുള്ള സമയമായി വരുന്നു.

15. പപ്പുച്ചെടിക്കുള്ളിരുന്തു പാമ്പു പടം വിരത്തു ആടുതടാ
ഈരേഴു ഉലകമുണ്ടു ഇതൈയെടുത്തു ചൊൽവാർ യാർ മകനേ
ചാതിയാന കൊടിപ്പാമ്പു ചതി ചെയ്യും പാമ്പതുതാൻ
മുപ്പൂവൈതാനെടുത്തു അതൈ മുത്തി ചെയ്താൽ ചക്തിയുണ്ടു.

മകനേ! അജ്ഞാനം, വാസന, അനുകരണശീലം എന്നിവയാൽ കർത്താവും ഭോക്താവും, സുഖിയും ദുഃഖിയും, ആയവരുടെ മനസ്സിലുള്ള ആശാപാശങ്ങൾ മറ്റാർക്കും അറിയാൻ സാധിക്കുകയില്ല. ജാതിയാകുന്ന പാമ്പ് ചതി ചെയ്യുന്ന പാമ്പാണ്. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥാശ്രയങ്ങൾ കടന്ന് തുരിയാവസ്ഥയിലോ തുരീയാതീത അവസ്ഥയിലോ സ്ഥിതി ചെയ്യുന്നവർ കാമവും ആശാപാശങ്ങളും നഷ്ടപ്പെട്ട് ഈശ്വരകൃപ ലഭിച്ചുകൊണ്ടിരിക്കുന്ന പുണ്യാത്മാക്കളായിരിക്കും.

16. കുരുപുത്തിയാർക്കും ഉള്ളതൈ നാൻ
ചൊൽവേൻ കേൾ മകനേ
അപ്പൂവൈത്താനെടുത്തു അണിന്തിടുങ്കോ കണ്ണു മക്കൾ
മൂന്റു നാമം ഒന്റു പാമ്പു അതു മൂന്റും ആടുതപ്പാ
കൊത്തിനാൽ തിരുമ്പാതപ്പാ
അതു കുടി കെടുത്ത പാമ്പു വിഷം.

മകനേ! ജീവാത്മാപരമാത്മാ യോഗത്താൽ ബ്രഹ്മവിത്ത് വരിഷ്ഠനായ ഗുരുനാഥൻ അരുൾ ചെയ്യുന്ന ശിവതത്ത്വം (നിത്യസത്യശുദ്ധജ്ഞാനം) വളരെ ശ്രദ്ധിച്ച് ശ്രവിക്കണം. ശ്രവിച്ച ജ്ഞാനം സൂക്ഷ്മ ബുദ്ധികൊണ്ട് വിശകലനം ചെയ്ത് അതനുസരിച്ച് ജീവിക്കണം. മണ്ണാശ, പെണ്ണാശ, പൊന്നാശ എന്നീ ആശാപാശങ്ങൾ ഒരു പാമ്പുപോലെ മനുഷ്യമനസ്സിനെ വികാരങ്ങൾക്ക് അടിമപ്പെടുത്തിക്കൊണ്ടിരിക്കും. ആശാപാശങ്ങളുള്ള ജീവിതം ദുരിതപൂർണ്ണമാണ്. ആശാപാശങ്ങളിൽനിന്നും മോചനം ലഭിക്കണമെങ്കിൽ തന്റെ സ്വരൂപം അറിഞ്ഞ് സ്വരൂപബോധത്തിലേക്ക് ഉണരണം. ഉയരണം. അതിൽ വാഴണം.

17. തലൈമന്നർ മീതിരുന്തു പല ചാസ്ത്തിരകൾ ചൊല്ലുതപ്പാ
ചങ്കുക്കുള്ളിരുന്തു വന്തേൻ വൈയകത്തിൽ
ഏകൻ പോകനപ്പാ നാൻ ഇരുപ്പതൈ അറിവാരില്ലൈ.
കരുവൂർ തനിലിരുന്തു കന വരുത്തപ്പട്ടു വന്തേൻ
പാലൻ ചിറു കുഴന്തൈ വന്ത പാതൈയറിവീർ മക്കൾ
ഉങ്കളുക്കു വേലൈ ചെയ്യ നാൻ ഉലകിൽ വന്തേൻ കണ്ണു മക്കാൾ.

മകനേ! ശാസ്ത്രങ്ങളിൽ ഈശ്വരനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ശംഖുനാദത്തിൽ നിന്നും (ഓംകാരത്തിൽ നിന്നും) ഭൂലോകത്ത് അവതരിച്ചു എന്നു പറയുന്നു. സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധനം, അനുഗ്രഹം എന്നിവയിൽ മുഴുകിയ ഏകനായ അപൂർണ്ണനെ - പരംപൊരുളിനെ അറിയുവാൻ ശ്രമിക്കുന്നില്ലല്ലോ? മാതാവിന്റെ ഗർഭപാത്രത്തിൽ നിന്നും വളരെ പ്രയാസങ്ങളനുഭവിച്ച് ഭൂലോകത്ത് വന്നു പിറന്നു. ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ പരിണാമങ്ങൾ ശരീരത്തിനു വന്നുചേർന്നു. സകല ചരാചരങ്ങളെയും സംരക്ഷിക്കാനാണ് നാമവും രൂപവുമുള്ള ശരീരത്തിൽ വന്നുപിറന്നത്.

18. ഇരു മനതായെണ്ണാതേ പിൻ എനക്കു ഉത്തരം ചൊൽവായോ
മരുന്തുവാഴ് മാമുനിവൻ മായചാലക്കാരനും നാൻ
നാടെല്ലാം പാടിയാച്ചേ നാതനെന്ന ചൊൽവേനപ്പാ
വേലൈ ചെയ്താൽ വിനൈയില്ലൈയേ
അന്ത വിചമതുതാൻ അണുകാതപ്പാ.

മകനേ! അയ്യാവൈകുണ്ഠനാഥർ അരുൾ ചെയ്യുന്ന നിത്യസത്യശുദ്ധജ്ഞാനത്തെക്കുറിച്ച് യാതൊരു സംശയവും വേണ്ട. വിവേകമുള്ള മനുഷ്യൻ ശ്രവിക്കുന്ന ജ്ഞാനം സൂക്ഷ്മബുദ്ധികൊണ്ട് വിശകലനം ചെയ്ത് സംശയനിവാരണം വരുത്തണം. അനുകരണങ്ങളല്ല വേണ്ടത്. ബുദ്ധികൊണ്ട് തീരുമാനം എടുക്കണം. ശരിയാണെങ്കിൽ ഉൾക്കൊള്ളുക. സൂക്ഷ്മബുദ്ധി തെറ്റാണെന്നു തെളിയിച്ചാൽ തള്ളിക്കളയുക. മരുത്വാമലയിൽ വച്ച് പല പല ലീലകളിലും ഏർപ്പെട്ടിട്ടുണ്ട്. തന്നെ സമീപിച്ചവർക്കെല്ലാം നിത്യസത്യശുദ്ധജ്ഞാനം അരുൾചെയ്തു കൊടുത്തിരുന്നു. പ്രാരാബ്ധവശാൽ അർഹതപ്പെട്ട കർമ്മങ്ങളെല്ലാം ഏർപ്പെട്ടിട്ടുണ്ട്. പ്രാരാബ്ധകർമ്മങ്ങളെല്ലാം പൂർത്തിയാക്കി ആശാപാശങ്ങളിൽ നിന്നും മോചനം നേടി ജീവാത്മാപരമാത്മായോഗത്താൽ ജനനമരണപ്രയാണം അവസാനിപ്പിച്ച് ശിവലയം പ്രാപിച്ചു.

19. മന്തിരത്താൽ തന്തിരത്താൽ മരണത്താൽ തീർന്തിടുമോ
എല്ലോർക്കും കോടിപ്പാമ്പു ഇരുക്കുതപ്പാ ചത്തരുവായ്
നല്ലോരൈത്തീണ്ടാതു നാതനിങ്കേ ചൊല്ലുകിറേൻ
മുച്ചന്തിക്കുള്ളിരുന്തു പാമ്പു ഉച്ചം പെറ്റു വരുകുതപ്പാ.

മകനേ! ക്ഷരപുരുഷന്മാർക്കുള്ള ആശാപാശങ്ങൾ മന്ത്രത്താലോ തന്ത്രത്താലോ, മറ്റ് കർമ്മങ്ങളാലോ, മരണത്താലോ തീരുകയില്ല. എല്ലാ മനുഷ്യരിലും ആശയാകുന്ന സർപ്പം ശത്രുവായിരിക്കുന്നു. എപ്പോൾ ഫണം വിടർത്തി ആടുമെന്ന് അറിയുന്നില്ല. നിത്യസത്യശുദ്ധജ്ഞാനം ശ്രവിച്ച് സത്യം കണ്ടെത്തി സ്വരൂപബോധത്തിലേക്ക് ഉണർന്ന് ഉയർന്നവരെ ആശാപാശങ്ങൾ സ്പർശിക്കുകയില്ല. മായ അത്തരക്കാരെ സമീപിക്കുകയില്ല. സ്ഥൂലശരീരം, സൂക്ഷ്മശരീരം, കാരണശരീരം എന്നീ ശരീരത്രയങ്ങൾക്ക് ഉള്ളിൽ ഇരിക്കുന്ന ചിത്തമാണ് ആശാപാശങ്ങളുടെ ഉറവിടം.

● *(തുടരും...)*

## മാസിക ലഭിക്കാത്തവർ

സുഷുപ്തി മാസിക എല്ലാ മാസവും അഞ്ചാം തീയതി മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു. തമ്പാനൂരിലെ ആർ.എം.എസ്സിൽ എല്ലാ 8-ാം തീയതിയും പോസ്റ്റ് ചെയ്യപ്പെടുന്നു. പരമാവധി 15-ാം തീയതിയ്ക്കകം എല്ലാ വരിക്കാർക്കും ലഭിക്കുന്നതാണ്.

മാസിക ലഭിക്കാത്തവർ അക്കാര്യം കാണിച്ചു കൊണ്ടുള്ള പരാതി വെള്ളപേപ്പറിൽ എഴുതി, സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റാഫീസ്, നോർത്ത് ഡിവിഷൻ, ജി.പി.ഒ., തിരുവനന്തപുരം - 695 001 എന്ന വിലാസത്തിലും പബ്ലിഷർ, സുഷുപ്തി മാസിക, ദിനകൈരളി ഭവൻ, ചിന്മയലെയിൻ, കുന്നുംപുറം, തിരുവനന്തപുരം-695 001 എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

*-മാനേജിംഗ് എഡിറ്റർ*

Vol. 11 No. 8, 2016 September
Date of Publication : 06-09-2016
Govt. Media List No. 178/08/I&PR

SUSHUPTHI MONTHLY
Price: Rs.5/-

KL/TV(N)/WPP/209/2016-18
Licensed to Post without Pre-payment
KL/TV(N)/574/2016-2018
Reg. No. 36072/81

# ചരിത്രസത്യങ്ങൾ : അവഗണിക്കപ്പെട്ട ഏടുകൾ

ജെ.ജി. സുബ്ബാനന്ദ ശാസ്ത്രികൾ



ബി.സി. രണ്ടായിരത്തിനുമുമ്പ് ഈ മലനാടിനെ ഭരിച്ചിരുന്ന ദേവകുലക്ഷത്രിയരായ സിദ്ധനർസമുദായത്തിലെ രാജാക്കൻമാരെപ്പറ്റിയുള്ള ചരിത്രരേഖകൾ തിരുവിതാംകൂർ ചരിത്രകാരൻമാർ പുരാതനചരിത്രത്തിന്റെ ഏടുകളിൽ നിന്ന് തുടച്ചുമാറ്റിയിരിക്കുകയാണ്.

എന്നാൽ സ്ഥലനാമങ്ങളും അതിനോടനുബന്ധിച്ച കോട്ടകൊത്തളങ്ങളും അക്കാലത്ത് ഭരിച്ചിരുന്ന രാജാക്കൻമാരുടെ പേരിൽ അറിയപ്പെടുന്ന മലകളുമാണ് ഇതിന് ആധാരമായ തെളിവുകൾ. ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രാന്വേഷികൾക്ക് സത്യം നിഷേധിക്കാനാവില്ല.

വേണാടിന്റെ തലസ്ഥാനം ഒരുകാലത്ത് കന്യാകുമാരി ജില്ലയിൽപ്പെട്ട തൃപ്പാപ്പൂരായിരുന്നു. ഒന്നാംഘട്ടത്തിലെ ചേരരാജാക്കൻമാർ യാദവൻമാരും അതിനുമുമ്പ് ഇവിടത്തെ രാജാക്കൻമാർ സിദ്ധനർ സമുദായത്തിലെ ആദിദ്രാവിഡരിൽപ്പെട്ട ദേവകുലക്ഷത്രിയരായ കുറവർ രാജാക്കൻമാരുമായിരുന്നു. ഈ രാജവംശം 'ഇമയം' അതായത് ഹിമാലയം മുതൽ കന്യാകുമാരി ജില്ല വരെ തുടർച്ചയായി ആറായിരം സംവത്സരം രാജ്യത്തെ ഭരിച്ചിരുന്ന വിശിഷ്ടവർഗ്ഗങ്ങളായിരുന്നു.

തിരുവനന്തപുരത്തിന് വടക്കുകിഴക്ക് നെടുമങ്ങാട് താലൂക്കിന് വടക്ക് വിതുര എന്നൊരു മല, നാട്ടുപുരാതനയെ വിളിച്ചറിയിക്കുമാറ് 1500 അടി പൊക്കത്തിൽ സ്ഥിതിചെയ്യുന്നു. ഈ മലയ്ക്ക് സമീപം ഭരതന്നൂർ, പാങ്ങോട്, കോട്ടുകുന്നത്തുമല, കൊടിതൂക്കിക്കുന്ന് എന്നീ മലകൾ ചുറ്റിക്കിടക്കുന്നു.ഈ മലനാടിനെ ഭരിച്ചിരുന്ന രാജാവായിരുന്നു വിദുരർ.

വേണാട്ടിലെ ആദ്യകാലഘട്ടത്തിലെ ഭരണാധികാരികൾ ചന്ദ്രവംശജരായ ഇടയൻമാരും കുറവരാജവംശങ്ങളുമായിരുന്നു. ഇവർ വേണാട്ടിനെ അഞ്ചുനിലകളായി ഭേദിച്ച് ഭരണം നടത്തിയിരുന്നു. ഇതിനു തെളിവ് സംഘകാലകൃതികളാണ്. ഈ സംഘകാലകൃതികളുടെ ആവിർഭാവകാലത്താണ് മഹാഭാരതത്തിൽ വർണ്ണിക്കപ്പെട്ടിരുന്ന വിദുരർ നെടുമങ്ങാട് താലൂക്കിന്റെ വടക്കുകിഴക്കു കാണുന്ന വിദുര എന്ന ഭൂവിഭാഗത്തെ തന്റെ രാജ്യാതിർത്തിയായി ഭരിച്ചിരുന്നത്.

വിദുര എന്ന സ്ഥലനാമം എങ്ങനെയുണ്ടായി എന്നതാണ് ഇനിയത്തെ ഗഹനമായ അന്വേഷണം. നെടുമങ്ങാട് താലൂക്കിന്റെ വടക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഭാഗമാണ് വിദുര. ഈ സ്ഥലം ഒരു മലമ്പ്രദേശമാണ്. പടുകൂറ്റൻ പർവ്വതനിരകളും ഇടയ്ക്കിടെ തണുത്ത സമതലപ്രദേശങ്ങളും നെൽപാടങ്ങളും ആകാശത്തോളം പൊങ്ങിവളർന്ന വൻവൃക്ഷങ്ങളെക്കൊണ്ടും നിബിഢമായ മനോഹരമായ പ്രദേശമാണ് വിദുര. എന്നാൽ ഈ ചെറുകിടരാജാക്കൻമാരെപ്പറ്റിയുള്ള രേഖകൾ ഒന്നുംതന്നെ ലഭ്യമല്ല. സ്ഥലനാമങ്ങളും അവർ നിർമ്മിച്ചിരുന്ന കോട്ടകൊത്തളങ്ങളും നാമമാത്രമായി അവശേഷിച്ചുകിടക്കുന്നു. അതിൽനിന്ന് കിട്ടുന്ന അറിവുകൾ മാത്രമാണ് ചരിത്രരേഖകൾക്ക് ഉപോത്ബലകമായ തെളിവുകൾ.

'വിദുരർ' മലയാണ് പിൽക്കാലത്ത് മിതൃമ്മലയായി മാറിയത്. എ.ഡി. ഒന്നാം നൂറ്റാണ്ടിനുശേഷം സ്ഥലനാമങ്ങൾക്ക് പല വ്യതിയാനങ്ങളും വന്നിട്ടുണ്ട്. മിതൃമ്മലയിൽ ഒരു പുരാതനമായ കോട്ടയുടെ അവിശിഷ്ടങ്ങൾ ഉണ്ട്. ഈ കോട്ടയ്ക്കു ചുറ്റും കിടങ്ങുകൾ കുഴിച്ചതിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി. പതിനെട്ടു സെന്റ് ചുറ്റളവുള്ളതാണ് ഈ കിടങ്ങുകൾ. മൺകോട്ടയുടെ അവശിഷ്ടങ്ങൾ മാത്രമേ ഇപ്പോൾ കാണാനുള്ളൂ.

ഭാരതഭൂഖണ്ഡത്തിന്റെ വടക്കേഅറ്റം മുതൽ ദക്ഷിണകേരളത്തിന്റെ തെക്കേഅറ്റം വരെ പരതിനോക്കുമ്പോൾ ദേവകുലക്ഷത്രിയർ ഭരിച്ചിരുന്ന മലനാടുകളും ക്ഷേത്രങ്ങളും അവരുടെ പൂർവ്വികരുടെ പ്രതിഷ്ഠകളും കാവുകളും ആൽത്തറകളും കാണാൻ കഴിയും. പാണ്ഡവരുടെയും കൗരവരുടെയും ബന്ധുവായ വിദുരർ വേണാട്ടിൽ അതായത് കേരളത്തിൽ നെടുമങ്ങാട് താലൂക്കിൽപ്പെട്ട വിദുര എന്ന മലനാടിനെ ഭരിച്ചിരുന്ന തെളിവുകൾ ഉണ്ട്. മനോഹരമായ ഈ മലനാട്ടിൽ ഭരതന്നൂരിനടുത്തുള്ള മിതൃമ്മല എന്ന സ്ഥലത്ത് വിദുരരാജാവിന്റെ കോട്ടയും അദ്ദേഹത്തിന്റെ യുദ്ധസാമഗ്രികൾ സൂക്ഷിച്ചിരുന്ന സ്ഥലവും ഇന്ന് നിലവിലുണ്ട്. ബുദ്ധമതകാലത്തിനുശേഷമാണ് സ്ഥലനാമങ്ങൾക്ക് മാറ്റം സംഭവിച്ചത്. ഈ സ്ഥലത്ത് ചെറുവാളകം എന്നൊരു സ്ഥലവും നിലവിലുണ്ട്.

'ചെറുവാളകം' എന്ന വാക്കിന് യുദ്ധത്തിനുവേണ്ടി ഉപയോഗിക്കുന്ന വാൾ, വേൽ, മുതലായ ആയുധങ്ങൾ സൂക്ഷിക്കുന്ന സ്ഥലം എന്നർത്ഥം. മുതുകുളം എന്നൊരു സ്ഥലവും ഇതിനടുത്ത് നിലവിലുണ്ട്. 'മുതു' എന്ന വാക്കിന് പുരാതനം എന്നർത്ഥം. എന്നാൽ കുളം എന്ന വാക്ക് പിൽക്കാലത്ത് ദേശഭേദം കൊണ്ട് മാറ്റം സംഭവിച്ചുണ്ടായതാണ്. കുളം എന്ന വാക്കിന് ആയുധാഭ്യാസപരിലശീലനകേന്ദ്രം എന്നാണർത്ഥം. ഇതുപോലെ പല സ്ഥലനാമങ്ങൾക്കും പിൽക്കാലത്ത് വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ഉദാഹരണം : തിരുവഞ്ചിക്കളം തിരുവഞ്ചിക്കുളമായി മാറി. വില്ലവംകോട് വിളവംകോടായി മാറി. വള്ളുവനാട് വെള്ളനാടായി മാറി. കേളമംഗലം കേരളാദിത്യപുരമായി മാറി. ജഡായുമംഗലം ചടയമംഗലമായി മാറി. തച്ചൻകോട് തത്തൻകോടായി മാറി. കുടമൺ നെടുമൺ ആയി മാറി. വിദുരർമല മിതൃമ്മലയായി മാറി. പൗരാണിക കാലഘട്ടത്തിൽ നാടുവാണിരുന്ന രാജാക്കൻമാർ ഭരിച്ചിരുന്ന സ്ഥലനാമങ്ങൾക്ക് പല വ്യതിയാനങ്ങളും സംഭവിച്ചിട്ടുള്ളതിന് തെളിവുകളാണ് മുകളിൽപ്പറഞ്ഞ വസ്തുതകൾ. ഇതിനടുത്ത് 'ആറാട്ടുകുഴി' എന്ന സ്ഥലവും നിലവിലുണ്ട്. ഈ ആറാട്ടുകുഴി വെള്ളറടയ്ക്കടുത്ത് കോവില്ലൂർ എന്ന സ്ഥലത്തും നിലവിലുണ്ട്. പുരാതനകാലങ്ങളിൽ നമ്മുടെ മലനാടുകളെ ഭരിച്ചിരുന്ന രാജാക്കൻമാർ ആറാടിയിരുന്ന സ്ഥലങ്ങളായിരുന്നതുകൊണ്ടാണ് ഈ പേരുകൾ ഉണ്ടായത്.

വിദുരർ മലയിലുള്ള മൂന്ന് പ്രധാനപ്പെട്ട ക്ഷേത്രങ്ങളും വിദുരന്റെ കാലത്ത് സ്ഥാപിച്ചിട്ടുള്ളതെന്ന് പഴമകൊണ്ട് ആധുനികചരിത്രകാരൻമാർക്ക് മനസ്സിലാക്കുവാൻ കഴിയും. ശിവന്റെയും, അർജുനന്റെയും ദേവിയുടെയും പ്രതിഷ്ഠകളാണ് അവിടുത്തെ പ്രധാന ആരാധനാമൂർത്തികൾ. ശിവക്ഷേത്രത്തിനടുത്താണ് ആറാട്ടുകുഴി. ●

Edited, Printed, Published & Owned by A.S.Ahimohanan; Printed at Devi Offset for Aradhika Printers, Gandhari Amman Kovil Road, Thiruvananthapuram, Published from Dinakairali Bhavan, (Ph:0471-3272199) Kunnumpuram, Thiruvananthapuram - 1, Kerala.